'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്ഥാപനങ്ങളുടെ പ്രവൃത്തികൾ ടെൻഡർ കൂടാതെ ഏറ്റെടുത്തു ചെയ്യാൻ സഖി റിസോഴ്സ് സെന്റർ, കരകുളം ഗ്രാമീണ പഠന കേന്ദ്രം, റെയ്ഡ്കോ, ഇൻകെൽ, സെന്റർ ഫോർ സോഷ്യൽ റിസോഴ്സ് ഡവലപ്മെന്റ്, സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ആൻഡ് എൻവയോൺമെന്റൽ സ്റ്റഡീസ് എന്നീ ഏജൻസികൾക്ക് അക്രഡിറ്റേഷൻ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

### സ.ഉ.(സാധാ) നം.2834/2019/തസ്വഭവ തീയതി,തിരുവനന്തപുരം, 12/12/2019

---

പരാമർശം:- 1 സ.ഉ.(എം.എസ്.)നം. 133/2013/തസ്വഭവ, തീയതി 30.03.2013

2 സ.ഉ.(സാധാ.)നം. 1159/2013/ത.സ്വ.ഭ.വ. തിയതി 26.04.2013

3 സഖി റിസോഴ്സ് സെന്റർ മാനേജിങ് ഡയറക്ടറുടെ 31.03.2018 -ലെ അപേക്ഷ

4 കരകുളം ഗ്രാമീണ പഠന കേന്ദ്രം ഡയറക്ടറുടെ 16.09.2017 -ലെ അപേക്ഷ

5 റെയ്ഡ്കോ മാനേജിങ് ഡയറക്ടറുടെ 02.06.2018 -ലെ അപേക്ഷ

6 ഇൻകെൽ മാനേജിങ് ഡയറക്ടറുടെ 20.06.2019, 18.10.2019 തീയതികളിലെ അപേക്ഷ

7 സെന്റർ ഫോർ സോഷ്യൽ റിസോഴ്സ് ഡവലപ്മെന്റ് ഡയറക്ടറുടെ 11.10.2018 -ലെ അപേക്ഷ

8 സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ആൻഡ് എൻവയോൺമെന്റൽ സ്റ്റഡീസ് ഡയറക്ടറുടെ 21.06.2018 ലെ അപേക്ഷ

9 തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 20.11.2019 -ൽ ചേർന്ന അക്രഡിറ്റേഷൻ കമ്മിറ്റി യോഗത്തിന്റെ നടപടി കുറിപ്പ്.

## ഉത്തരവ്

പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനായി തദ്ദേശസ്ഥാപനങ്ങൾക്ക് അംഗീകൃത അക്രഡിറ്റഡ് ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്താൻ പരാമർശം (1) പ്രകാരം മാർഗ്ഗരേഖ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അക്രഡിറ്റേഷനു വേണ്ടി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൻമേൽ പരിശോധന നടത്തി ശുപാർശ സമർപ്പിക്കുന്നതിനായി പരാമർശം (2) പ്രകാരം അക്രഡിറ്റേഷൻ കമ്മിറ്റി രൂപീകരിച്ചു ഉത്തരവായിട്ടുണ്ട്. വിവിധ മേഖലകളിൽ അക്രഡിറ്റേഷൻ അനുമതി ലഭ്യമാക്കാൻ അഭ്യർത്ഥിച്ചു കൊണ്ട് മേൽ പരാമർശിച്ച ഏജൻസികൾ സർക്കാരിലേക്ക് അപേക്ഷ നൽകിയിരുന്നു.

പരാമർശം 3 മുതൽ 8 വരെ വായിച്ച അപേക്ഷകളിന്മേൽ കില ഡയറക്ടർ സമർപ്പിച്ച പരിശോധന റിപ്പോർട്ട്, പരാമർശം (9) ൽ പ്രതിപാദിച്ച അക്രഡിറ്റേഷൻ കമ്മിറ്റിയിൽ സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ഉള്ള ഏജൻസികൾക്ക്, അതിന്റെ നേരെ ചേർത്തിരിക്കുന്ന മേഖലകളിൽ, പരാമർശം (1) മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്ക് അനുസൃതമായി, ഉത്തരവ് തീയതി മുതൽ 3 വർഷത്തേയ്ക്ക് അക്രഡിറ്റേഷൻ നൽകി ഉത്തരവാകുന്നു.

| ക്ര.നം. | ഏജൻസിയുടെ പേര് | മേഖല |
|---|---|---|
| 1 | സഖി റിസോഴ്സ് സെന്റർ, തിരുവനന്തപുരം | തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളോട് ചേർന്ന് ലിംഗ പദവി തുല്യത ഉറപ്പാക്കുന്ന മേഖലയിലെ പ്രവർത്തനങ്ങളും പിന്തുണ പരിശീലനങ്ങളും നൽകുന്നതിന് |
| 2 | ഗ്രാമീണ പഠന കേന്ദ്രം, കരകുളം | തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളിൽ ജിഐഎസ്/ജിപിഎസ് സംവിധാനങ്ങൾ, റോഡ് കൺസൾട്ടൻസി മാപ്പിംഗ്, ജിയോ മാപ്പിംഗ് എന്നിവയുമായി ബന്ധപ്പെട്ട മേഖലയിൽ |
| 3 | The Regional Agro Industrial Development Co-operative of Kerala Ltd (റെയ്ഡ്കോ), കണ്ണൂർ | മാലിന്യ സംസ്കരണത്തിനായി ബയോഗ്യാസ് പ് ളാന്റ്, കംബോസ്റ്റിംഗ് യൂണിറ്റ്, പൈപ്പ് കമ്പോസ്റ്റ് , ഇൻസിനറേറ്റർ, ഗ്യാസ് ക്രിമറ്റോറിയം, സാനിറ്ററി നാപ് കിൻ, വെൻഡിങ് മെഷീൻ, എന്നിവയുടെ സ്ഥാപനത്തിനും മെയ്-ന്റനൻസിനും |
| 4 | ഇൻകെൽ | നിലവിൽ അനുവദിച്ചിട്ടുള്ള സിവിൽ പ്രവൃത്തികൾക്ക് പുറമെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സൗരോർജ്ജവുമായി ബന്ധപ്പെട്ട (സ്ഥാപനം, അറ്റകുറ്റപ്പണി) മേഖലയിലെ പ്രവൃത്തികൾ |
| 5 | സെന്റർ ഫോർ സോഷ്യൽ റിസോഴ്സ് ഡവലപ് മെന്റ് | തൃശ്ശൂർ, കോട്ടയം ജില്ലകളിലെ മാത്രം ജിഐഎസ് മാപ്പിംഗ്, നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ എന്നീ മേഖലയിലെ പദ്ധതികൾ |
| 6 | സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ആൻഡ് എൻവയോൺമെന്റൽ സ്റ്റഡീസ് | ജി.ഐ.എസ് മാപ്പിംഗ്, വിജ്ഞാന വ്യാപനം, കാര്യശേഷി വികസനം, ഡി.പി.ആർ തയ്യാറാക്കൽ എന്നീ മേഖലകളിൽ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ, കില, തൃശ്ശൂർ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, സഖി റിസോഴ്സ് സെന്റർ, തിരുവനന്തപുരം
ഡയറക്ടർ, ഗ്രാമീണ പഠന കേന്ദ്രം, കരകുളം, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, റെയ്ഡ്കോ, കണ്ണൂർ
മാനേജിങ് ഡയറക്ടർ, ഇൻകെൽ, കൊച്ചി
ഡയറക്ടർ, സെന്റർ ഫോർ സോഷ്യൽ റിസോഴ്സ് ഡവലപ് മെന്റ്, തൃശ്ശൂർ
സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് ആൻഡ് എൻവയോൺമെന്റൽ സ്റ്റഡീസ്, കൊച്ചി
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ (673291)

പകർപ്പ്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ. യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ